## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2768.** **12.02.2019 ൽ മറുപടിയ്ക്ക്**

## ടോഡി ബോർഡ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കള്ള് ചെത്ത് വ്യവസായത്തെ പുന:സംഘടിപ്പിച്ച് വൈവിദ്ധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ടോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | ടോഡി ബോർഡ് രൂപീകരണം പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക, ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക, കള്ളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, കള്ള് ഉല്പാദനത്തിന് ഉതകുന്ന അത്യുല്പന്ന ശേഷിയുള്ള വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക, തൊഴിലാളികൾക്കും പുതുതായി ഈ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക, ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിച്ച് കള്ള് വ്യവസായത്തിന്റെ പരിപോഷണത്തിനായി വിവിധ പരിപാടികൾ നടപ്പിലാക്കുക എന്നിവ ബോർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് പല ഭാഗങ്ങളിലും കള്ള് എന്ന പേരിൽ വ്യാജകള്ള് വ്യാപകമായി വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ കള്ള് വ്യവസായത്തെ തന്നെ തകർക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കള്ള്ഷാപ്പുകളിൽ വ്യാജകള്ള് വിൽപ്പന നടക്കുന്നില്ലായെന്ന് ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ഉടനീളമുള്ള കള്ള്ഷാപ്പുകളിൽ നിന്ന് എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരം സാമ്പിളുകൾ ശേഖരിക്കുകയും രാസപരിശോധന നടത്തിവരികയും ചെയ്യുന്നു. വ്യാജകള്ളിന്റെ വിൽപ്പന ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ കള്ള്ഷാപ്പ് ലൈസൻസുകൾ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കള്ളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മൂന്ന് എക്സൈസ് മേഖലകളിലായി മൂന്ന് മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരുന്നു. ഈ ലാബുകൾ കള്ള്ഷാപ്പുകളുടെ പ്രവർത്തന വേളയിൽ തന്നെ സാമ്പിളുകൾ ശേഖരിച്ച് തത്സമയം പരിശോധന നടത്തി വിൽക്കപ്പെടുന്ന കള്ള് വ്യാജ കള്ളല്ലായെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ